# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE: 13.04.2024**

### പ്രധാനവാർത്തകൾ

1. **രാജ്യത്ത് ആദ്യഘട്ട ലോക്സഭാ തിരഞ്ഞെടുപ്പിന് ദിവസങ്ങൾ മാത്രം; പ്രചാരണം ശക്തമാക്കി രാഷ്ട്രീയ കക്ഷികൾ.**

2. **സംസ്ഥാനത്ത് തിരഞ്ഞെടുപ്പ് പ്രചാരണം ഊർജിതം; പ്രചാരണം കൊഴുപ്പിക്കാൻ ദേശീയ നേതാക്കൾ കേരളത്തിലേക്ക്.**

3. **വിഷുവിനെ വരവേൽക്കാനുള്ള ഒരുക്കത്തിൽ കേരളീയർ; ലോകമെമ്പാടുമുള്ള മലയാളികൾക്ക് ഗവർണർ, മുഖ്യമന്ത്രി, പ്രതിപക്ഷ നേതാവ് തുടങ്ങിയവർ ആശംസ നേർന്നു.**

4. **സംസ്ഥാനത്ത് വേനൽ മഴ തുടരും; കേരള തീരത്ത് ശക്തമായ കാറ്റിന് സാധ്യതയുള്ളതിനാൽ മത്സ്യബന്ധനത്തിന് വിലക്ക്.**

5. **ഐഎസ്എൽ ഫുട്ബോളിൽ ഇന്ന് നോർത്ത് ഈസ്റ്റ് യുണൈറ്റഡ് - ഒഡീഷയെ നേരിടും; രാത്രി 7.30 നാണ് മത്സരം.**

***************************************

## തിരഞ്ഞെടുപ്പ് - ആദ്യഘട്ടം

ആദ്യഘട്ട ലോക്സഭാ തിരഞ്ഞെടുപ്പിന് ദിവസങ്ങൾ മാത്രം ബാക്കി നിൽക്കെ തെരഞ്ഞെടുപ്പ് പ്രചാരണം ഊർജ്ജിതമാക്കി രാഷ്ട്രീയ കക്ഷികൾ. മുതിർന്ന ബിജെപി നേതാവും കേന്ദ്രമന്ത്രിയുമായ രാജ്നാഥ് സിംഗ് ഇന്ന് ഛത്തീസ്ഗഡിൽ തെരഞ്ഞെടുപ്പ് യോഗങ്ങളിൽ പങ്കെടുത്തു. കോൺഗ്രസ് നേതാവ് പ്രിയങ്ക ഗാന്ധി ഉത്തരാഖണ്ഡിൽ വിവിധയിടങ്ങളിൽ പ്രചാരണ പരിപാടികളിൽ സംസാരിച്ചു. ഈ മാസം 19 നാണ് ആദ്യഘട്ട വോട്ടെടുപ്പ്.

*************************************

## ലോക്സഭാ തെരഞ്ഞെടുപ്പ്

സംസ്ഥാനത്ത് ലോക്സഭാ തെരഞ്ഞെടുപ്പിൻറെ പ്രചാരണം ഊർജിതമാക്കി മുന്നണികൾ. വോട്ടെടുപ്പിന് ദിവസങ്ങൾ ബാക്കി നിൽക്കേ ദേശീയ നേതാക്കളെ ഉൾപ്പെടെ പങ്കെടുപ്പിച്ച് പ്രചാരണം കൊഴുപ്പിക്കാനുള്ള തയ്യാറെടുപ്പിലാണ് രാഷ്ട്രീയ കക്ഷികൾ. എൻ.ഡി.എ യുടെ പ്രചാരണ യോഗങ്ങളിൽ പങ്കെടുക്കാൻ പ്രധാനമന്ത്രി നരേന്ദ്രമോദി മറ്റന്നാൾ കേരളത്തിലെത്തും. പ്രധാനമന്ത്രി തിരുവനന്തപുരത്ത് കാട്ടാക്കടയിലും, തൃശൂരിൽ കുന്നംകുളത്തും തിരഞ്ഞെടുപ്പ് പരിപാടികളിൽ പങ്കെടുക്കും. കേന്ദ്രമന്ത്രിമാരും പ്രമുഖ നേതാക്കളും വരും ദിവസങ്ങളിൽ കേരളത്തിലെത്തും. വയനാട് മണ്ഡലത്തിലെ യുഡിഎഫ് സ്ഥാനാർത്ഥി കൂടിയായ കോൺഗ്രസ് നേതാവ് രാഹുൽഗാന്ധി തിങ്കൾ, ചൊവ്വ ദിവസങ്ങളിൽ പ്രചാരണത്തിന് എത്തും. കോഴിക്കോട് നടക്കുന്ന യു.ഡി.എഫ് റാലിയിലും അദ്ദേഹം പങ്കെടുക്കും. കോൺഗ്രസ് അധ്യക്ഷൻ മല്ലികാർജുൻ ഖാർഗെ, ജനറൽ സെക്രട്ടറി

RNU TVPM

പ്രിയങ്ക ഗാന്ധി തുടങ്ങിയവരും അടുത്തയാഴ്ച സംസ്ഥാനത്ത് തെരഞ്ഞെടുപ്പ് പ്രചാരണത്തിനെത്തും. മുഖ്യമന്ത്രി പിണറായി വിജയനാണ് എൽഡിഎഫിൻറെ തെരഞ്ഞെടുപ്പ് പ്രചാരണം നയിക്കുന്നത്. സിപിഐ(എം) ജനറൽ സെക്രട്ടറി സീതാറാം യെച്ചൂരി ഉൾപ്പെടെയുള്ള ദേശീയ നേതാക്കൾ അടുത്തയാഴ്ച കേരളത്തിൽ തിരഞ്ഞെടുപ്പ് പരിപാടികളിൽ പങ്കെടുക്കും.

************************************

## മുഖ്യതിരഞ്ഞെടുപ്പ് ഓഫീസർ സഞ്ജയ് കൗൾ

ലോക്സഭ തിരഞ്ഞെടുപ്പ് പ്രചാരണ വാഹനങ്ങൾക്ക് മുൻകൂർ അനുമതി വാങ്ങണമെന്ന് മുഖ്യതിരഞ്ഞെടുപ്പ് ഓഫീസർ അറിയിച്ചു. അനുമതിയില്ലാതെ വാഹനം ഉപയോഗിക്കുന്നതായി കണ്ടെത്തിയാൽ അനധികൃത പ്രചാരണം നടത്തുന്നതായി കണക്കാക്കി ശിക്ഷാ നടപടി സ്വീകരിക്കും. വാഹനത്തിന്റെ രജിസ്ട്രേഷൻ നമ്പർ, അനുമതി ലഭിച്ച തീയതി, സ്ഥാനാർഥിയുടെ പേര്, പ്രചാരണം നടത്തുന്ന പ്രദേശം എന്നിവ അനുമതിയിൽ രേഖപ്പെടുത്തിയിരിക്കണമെന്നും നിർദ്ദേശമുണ്ട്. പ്രചാരണത്തിന് ഉപയോഗിക്കുന്ന മുഴുവൻ വാഹനങ്ങളുടെയും വിശദവിവരങ്ങൾ സ്ഥാനാർഥി തിരഞ്ഞെടുപ്പ് ചെലവ് നിരീക്ഷകരെയും അറിയിച്ചിരിക്കണമെന്നും നിർദേശിച്ചിട്ടുണ്ട്.

RNU TVPM

************************************

## മണ്ഡലങ്ങളിലൂടെ - ഇടുക്കി - ഇൻട്രോ

വോട്ടെടുപ്പിന് ദിവസങ്ങൾ ശേഷിക്കേ ഇടുക്കി ലോക്സഭാ മണ്ഡലത്തിൽ അത്യുഷ്ണം വകവയ്ക്കാതെ സ്ഥാനാർഥികൾ അതി തീവ്ര പ്രചാരണത്തിരക്കിൽ. പഞ്ചായത്ത് - വാർഡ്

തലങ്ങൾ കേന്ദ്രീകരിച്ചുള്ള മൂന്നാം ഘട്ട പ്രചരണമാണിപ്പോൾ നടക്കുന്നത്.

**വിശദാംശങ്ങളുമായി ആകാശവാണി ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ.....**

(വോയ്സ്)

***************************************

**പോസ്റ്റൽ വോട്ടിംഗ്, ഹോം വോട്ടിംഗ്- ലക്ഷദ്വീപ്**

ഒന്നാം ഘട്ട വോട്ടെടുപ്പ് നടക്കുന്ന ലക്ഷദ്വീപിൽ തപാൽ വോട്ടിങ്ങും വീട്ടിലെത്തിയുള്ള വോട്ടിങ്ങും ആരംഭിച്ചു. അഗത്തി, അമിനി, അന്ത്രോത്ത്, കടമത്ത്, കവരത്തി , കിൽത്താൻ ദ്വീപുകളിലാണ് തപാൽ വോട്ടിങ് കേന്ദ്രങ്ങൾ ക്രമീകരിച്ചിട്ടുള്ളത്. കപ്പലുകളിൽ ജോലി ചെയ്യുന്നവരുൾപ്പെടെ നിരവധി പേർ വോട്ട് രേഖപ്പെടുത്തി. അമിനി, അഗത്തി , കിൽത്താൻ, കവരത്തി ദ്വീപുകളിൽ, 85 വയസിന് മുകളിൽ പ്രായമുള്ളവരും 40 ശതമാനത്തിലധികം ഭിന്നശേഷിയുള്ളവരും ഹോം വോട്ടിംഗ് സംവിധാനം വിനിയോഗിച്ചു.

***************************************

**പത്തനംതിട്ട പ്രചാരണം**

എൻ.ഡി.എ സ്ഥാനാർഥി അനിൽ കെ. ആൻറണിയുടെ തിരഞ്ഞെടുപ്പ് പ്രചരണാർഥം കേന്ദ്ര സഹമന്ത്രി മീനാക്ഷി ലേഖി പത്തനംതിട്ടയിലെത്തി. എൻ.ഡി.എയുടെ പ്രകടന പത്രിക പ്രകാശനം നിർവഹിച്ചു. യു.ഡി.എഫ് സ്ഥാനാർഥി ആൻറോ ആൻറണി കോന്നി ബ്ലോക്ക് പഞ്ചായത്ത് പ്രദേശങ്ങളിൽ പ്രചാരണം നടത്തി.

RIJU TVPM

എൽ.ഡി.എഫ് സ്ഥാനാർഥി ടി.എം തോമസ് ഐസക്ക് അടൂർ നിയോജക മണ്ഡലത്തിൽ തെരഞ്ഞെടുപ്പ് പരിപാടികളിൽ പങ്കെടുത്തു.

**************************************

## കണ്ണൂർ - തിരഞ്ഞെടുപ്പ്

ലോക്സഭാ തെരഞ്ഞെടുപ്പിൻറെ ഭാഗമായി കണ്ണൂർ മണ്ഡലത്തിൽ ഭിന്നശേഷിക്കാരുടെയും 85 വയസ്സ് കഴിഞ്ഞവരുടെയും വീട്ടിലെത്തി വോട്ട് രേഖപ്പെടുത്തുന്ന പ്രവർത്തനം തിങ്കളാഴ്ച ആരംഭിക്കും. ഈ മാസം 20 വരെയാണ് ഈ സൗകര്യം. കണ്ണൂരിൽ 10960 പേരാണ് 85 വയസ്സ് കഴിഞ്ഞവർ, ഭിന്നശേഷിക്കാർ എന്നീ വിഭാഗങ്ങളിൽ തപാൽ ബാലറ്റിന് അർഹരായിക്കുന്നത്. ഇതിനായി 149 സംഘങ്ങളെ നിയോഗിച്ചിട്ടുണ്ട്.

RNU TVPM

**************************************

## നല്ല വാർത്ത

ആകാശവാണി തിരുവനന്തപുരം പ്രാദേശിക വാർത്താ വിഭാഗം അവതരിപ്പിക്കുന്ന പ്രത്യേക പരിപാടിയായ **"നല്ല വാർത്ത"** എല്ലാ ശനിയാഴ്ചയും വൈകുന്നേരം 6.40 ന് പ്രക്ഷേപണം ചെയ്യുന്നു. പ്രാദേശിക വാർത്തകൾക്ക് ശേഷം നല്ല വാർത്ത കേൾക്കാവുന്നതാണ്.

**************************************

## വിഷു

ഐശ്വര്യത്തിൻറേയും സമ്പൽസമൃദ്ധിയുടേയും കണിക്കാഴ്ചയുമായി എത്തുന്ന വിഷുവിനെ വരവേൽക്കാനുള്ള ഒരുക്കത്തിലാണ് നാടും നഗരവും.

വേനൽ ചൂടിനൊപ്പം തിരഞ്ഞെടുപ്പ് ചൂടും കത്തി നിൽക്കുമ്പോഴും വിഷു ആഘോഷങ്ങൾക്ക് ഒട്ടും കുറവില്ല. പ്രതീക്ഷയുടെ പൊൻകണിയുമായി നാളെ വിഷു എത്തുമ്പോൾ വലിയ തിരക്കാണ് ഇന്ന് സംസ്ഥാനത്തുടനീളമുള്ള വിപണികളിൽ കാണാൻ സാധിക്കുന്നത്. വിഷുക്കണിയും, സദ്യയും ഒരുക്കുന്നതിനാവശ്യമായ സാധനങ്ങളുമായി വിഷു വിപണി സജീവമാണ്. വിഷുവിനോടനുബന്ധിച്ച് വസ്ത്ര, ആഭരണ, ഗൃഹോപകരണ വിപണികളിലും വൻ തിരക്കാണ് അനുഭവപ്പെടുന്നത്. വിഷു എത്തിയതോടെ പടക്ക വിപണിയും സജീവമായി. നാളെ രാവിലെ സംസ്ഥാനത്തെ വിവിധ ക്ഷേത്രങ്ങളിൽ ഉൾപ്പടെ വിഷുക്കണി ദർശനത്തിന് അവസരമുണ്ട്.

***********************************

## വിഷു ആശംസ

RNU TVPM

ലോകമെമ്പാടുമുള്ള കേരളീയർക്ക് ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ, മുഖ്യമന്ത്രി പിണറായി വിജയൻ, പ്രതിപക്ഷ നേതാവ് വി.ഡി സതീശൻ തുടങ്ങിയവർ വിഷു ആശംസ നേർന്നു. പ്രകൃതിയോടുള്ള കടപ്പാടും സാമൂഹിക ഒത്തൊരുമയും ദൃഢപ്പെടുത്താനുള്ള അവസരമാകട്ടെ വിഷുവെന്ന് ഗവർണർ പറഞ്ഞു. നമ്മുടെ കാർഷിക സംസ്കാരം തിരിച്ചു പിടിക്കാനും സമ്പുഷ്ടമാക്കാനുമുള്ള ഓർമ്മപ്പെടുത്തലാവണം ഇതെന്ന് മുഖ്യമന്ത്രി അഭിപ്രായപ്പെട്ടു. പ്രതിസന്ധികളിൽ നിന്നും കരകയറാനുള്ള ഊർജവും പ്രതീക്ഷയും നൽകുന്നതാകട്ടെ വിഷു ആഘോഷമെന്ന് പ്രതിപക്ഷ നേതാവ് ആശംസിച്ചു.

***********************************

## ശബരിമല

ശബരിമല സന്നിധാനത്തിൽ വിഷുക്കണി ദർശനത്തിൻറെ ഒരുക്കങ്ങൾ അവസാനഘട്ടത്തിൽ. ഇന്ന് രാത്രി 9.30 ന് അത്താഴ പൂജയ്ക്ക് ശേഷം ശ്രീകോവിലിൽ ഓട്ടുരുളിയിൽ വിഷുക്കണി ഒരുക്കും. വിഷു ദിനമായ നാളെ പുലർച്ചെ 4 മണി മുതൽ 7 മണിവരെയാണ് വിഷുക്കണി ദർശനം. മേട-വിഷു പൂജകൾ പൂർത്തിയാക്കി ഈ മാസം 18 ന് രാത്രി 10 ന് നടയടയ്ക്കും.

*************************************

## തൃശൂർ പൂരം-ഇൻട്രോ

പൂരങ്ങളുടെ പൂരമെന്ന് പേര് കേട്ട തൃശ്ശൂർ പൂരത്തിന് ഇന്ന് കൊടിയേറി. പൂരത്തെ വരവേൽക്കാൻ ശക്തന്റെ തട്ടകം ഒരുങ്ങിക്കഴിഞ്ഞു. 19 നാണ് വർണ്ണവും താളവും ദൃശ്യവും ഒരുപോലെ സമന്വയിക്കുന്ന ഈ ഉത്സവക്കാഴ്ച.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി തൃശൂർ ജില്ലാ പ്രതിനിധി ഭരിത പ്രതാപ്........**

(വോയ്സ്)

*************************************

## മന്ത്രി എ.കെ ശശീന്ദ്രൻ

ഉത്സവങ്ങളിൽ ആനകളെ എഴുന്നള്ളിക്കുന്നത് സംബന്ധിച്ച പ്രായോഗിക സത്യവാങ്മൂലം മറ്റന്നാൾ സുപ്രീംകോടതിയിൽ സമർപ്പിക്കുമെന്ന് വനം മന്ത്രി എ.കെ ശശീന്ദ്രൻ. കണ്ണൂരിൽ മാധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു അദ്ദേഹം. ഉത്സവപരിപാടികൾ ആചാരപരമായി നടത്തുന്നതിനൊപ്പം

PRIU TVPM

ആനകളുടെ സംരക്ഷണം ഉറപ്പ് വരുത്തുമെന്നും മന്ത്രി പറഞ്ഞു.

**************************************

## മഴ

സംസ്ഥാനത്ത് വേനൽ മഴ തുടരും. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, കോട്ടയം, എറണാകുളം, ഇടുക്കി, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസറഗോഡ് ജില്ലകളിൽ ഇടിമിന്നലോട് കൂടിയ മിതമായ മഴയ്ക്ക് സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ് അറിയിച്ചു. ശക്തമായ കാറ്റിനും മോശം കാലാവസ്ഥക്കും സാധ്യതയുള്ളതിനാൽ കേരള - ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യബന്ധനത്തിന് പോകരുതെന്ന് മുന്നറിയിപ്പുണ്ട്.

RNU TVPM

**************************************

## ഉയർന്ന താപനില

ഈ മാസം 17 വരെ സംസ്ഥാനത്ത് ചൂട് കൂടുമെന്ന് മുന്നറിയിപ്പ്. പാലക്കാട് ജില്ലയിൽ താപനില 39°C വരെയും തൃശ്ശൂരിൽ 38°C വരെയും കൊല്ലം, പത്തനംതിട്ട, കോഴിക്കോട്, കണ്ണൂർ ജില്ലകളിൽ 37°C വരെയും, ആലപ്പുഴ, കോട്ടയം, എറണാകുളം, മലപ്പുറം, കാസറഗോഡ് ജില്ലകളിൽ താപനില 36°C വരെയും ഉയരാൻ സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ് അറിയിച്ചു. ചൂട് കൂടുന്ന സാഹചര്യത്തിൽ പൊതുജനങ്ങൾ ജാഗ്രത പുലർത്തണമെന്ന് ആരോഗ്യവകുപ്പ് നിർദ്ദേശിച്ചിട്ടുണ്ട്.

**************************************

## ഐഎസ്എൽ

ഐഎസ്എൽ ഫുട്ബോളിൽ ഇന്ന് നോർത്ത് ഈസ്റ്റ് യുണൈറ്റഡ് - ഒഡീഷയെ നേരിടും. രാത്രി 7.30 നാണ് മത്സരം. ഈ മാസം 19 മുതൽ പ്ലേ ഓഫ് എലിമിനേറ്റർ പോരാട്ടം തുടങ്ങും.

************************************

## ഐപിഎൽ

ഐപിഎൽ ക്രിക്കറ്റിൽ ഇന്ന് രാജസ്ഥാൻ റോയൽസ്-പഞ്ചാബ് കിങ്സിനെ നേരിടും. രാത്രി 7.30-നാണ് മത്സരം. അഞ്ച് കളികളിൽ നിന്നായി 8 പോയിന്റുകളോടെ രാജസ്ഥാൻ റോയൽസ് പോയിന്റ് പട്ടികയിൽ ഒന്നാമതാണ്.

RNUTVPM

************************************

## എൻ.ക്യു.എ.എസ് അംഗീകാരം

സംസ്ഥാനത്തെ മൂന്ന് ആശുപത്രികൾക്ക് കൂടി ദേശീയ ഗുണനിലവാര അംഗീകാരം ലഭിച്ചു. തൃശൂർ പാറളം കുടുംബാരോഗ്യ കേന്ദ്രം, പാലക്കാട് കുളപ്പുള്ളി നഗര കുടുംബാരോഗ്യ കേന്ദ്രം, കൊല്ലം കരുനാഗപ്പള്ളി നഗര കുടുംബാരോഗ്യ കേന്ദ്രം എന്നിവയ്ക്കാണ് അംഗീകാരം. അംഗീകാരത്തിന് മൂന്നു വർഷത്തെ കാലാവധിയാണുള്ളത്. മൂന്ന് വർഷത്തിന് ശേഷം ദേശീയതല സംഘത്തിന്റെ പുന:പരിശോധന ഉണ്ടാകും. സംസ്ഥാനത്ത് ആകെ 175 ആശുപത്രികൾക്ക് എൻ.ക്യു.എ.എസ്. അംഗീകാരവും 76 ആശുപത്രികൾക്ക് പുന:അംഗീകാരവും ലഭിച്ചിട്ടുണ്ട്.

************************************************************

****************************************

************************